191 (1795) കോളേജ് ഓഫ് ഫാർമസിയുടെ നടത്തിപ്പ്

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ഓഫ് ഫാർമസിയുടെ നടത്തിപ്പും പ്രവർത്തനവും പഠിക്കുന്നതിനും പ്രസ്തുത സ്ഥാപനത്തിലെ അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി പഠനം നടത്തുമോ;

(ബി) ഇതിനുവേണ്ടി ഒരു ബാഹ്യ ഏജൻസിയെ നിയോഗിക്കുമോ;

(സി) എങ്കിൽ അത് എപ്പോഴുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) കോളേജ് ഓഫ് ഫാർമസിയുടെ നടത്തിപ്പിനെയും, പ്രവർത്തനത്തെപ്പറ്റിയും യാതൊരുവിധ പരാതിയും ലഭിച്ചിട്ടില്ല. കാലാകാലങ്ങളിൽ AICTE യും ഇൻഡ്യൻ ഫാർമസി കൗൺസിലും കോളേജ് പരിശോധന നടത്തിക്കാനാണ് കോഴ്സുകൾക്ക് അംഗീകാരം തുടർന്ന് നൽകിവരുന്നത്. അദ്ധ്യാപകരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഒരു ബാഹ്യ ഏജൻസി വഴി പഠനം നടത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

192 (1796) മല്ലപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഏത് ഗവൺമെന്റിന്റെ കാലത്താണ് ഈ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) മല്ലപ്പള്ളി താലൂക്കാശുപത്രി കെട്ടിടത്തിന്റെ പണികൾ ആദ്യമായി ടെൻഡർ ചെയ്തത് എന്നാണെന്നും റീ ടെൻഡർ ചെയ്തിട്ടുണ്ടെങ്കിൽ എന്നാണെന്നും വിശദീകരിക്കുമോ;

(സി) റീ ടെൻഡറിൽ ആരൊക്കെ പങ്കെടുത്തുവെന്നും ഏറ്റവും കുറഞ്ഞ നിരക്ക് കാട്ടി ചെയ്തത് ആരായിരുന്നുവെന്നും അറിയിക്കുമോ;

(ഡി) നിലവിൽ ഇതിന്റെ പണി ഏറ്റെടുത്തിട്ടുള്ളത് ആരാണെന്നും ഇതിനു വേണ്ടിയുള്ള എഗ്രിമെന്റ് എന്നാണ് ഒപ്പുവെച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3.12.93-ലെ ജി.ഒ. (എം.എസ്) 143/93/ആ.കു.വ എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്. ഐക്യജനാധിപത്യമുന്നണിയിലെ കരുണാകരൻ ഗവൺമെന്റിന്റെ കാലത്താണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly